# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4889 26-06-2019 ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷക്ഷേമവകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | ന്യൂനപക്ഷക്ഷേമവകുപ്പിന്റെ കീഴിൽ നൽകുന്ന ആനുകൂല്യങ്ങളും സഹായങ്ങളും മറ്റ് പദ്ധതികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | 1 സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്<br>2 വിധവ/വിവാഹബന്ധം വേർപ്പെട്ടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി/ പുനരുദ്ധാരണ പദ്ധതി<br>3 ഹൈസ്കൂൾ, ഹയർ സെക്കൻററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം<br>4 സ്വകാര്യ ഐ.റ്റി.ഐ. / ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെൻറ് സ്കീം<br>5 ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി<br>6 സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്ത് നൽകുന്ന പദ്ധതി<br>7 ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.<br>8 മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി<br>9 മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി<br>10 എസ്.എസ്.എൽ.സി. / പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി<br>11 സി.എച്ച് മുഹമ്മദ്കോയ ഗേൾസ് സ്കോളർഷിപ്പ്<br>12 മദ്രസ്സാദ്ധ്യാപകർക്കുള്ള ചികിത്സാ ധനസഹായം<br>13 മദ്രസ്സാദ്ധ്യാപകരായ വനിതകൾക്കുള്ള പ്രസവാനുകൂല്യം |

| | | | |
|---|---|---|---|
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളും ന്യൂനപക്ഷങ്ങൾക്ക് നൽകിയ സഹായങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു |
| സി) | പ്രസ്തുത മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളും നൽകാനുദ്ദേശിക്കുന്ന സഹായങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | സി) | താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>**1)** ന്യൂനപക്ഷ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് മലപ്പുറം ജില്ലയിലെ വാഴയൂർ വില്ലേജിൽ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈനോറിറ്റി സ്റ്റഡീസ് കേരള എന്ന സ്ഥാപനം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.<br>**2)** സംസ്ഥാനത്തെ മദ്രസാദ്ധ്യാപകർക്ക് അദ്ധ്യാപക പരിശീലനവും എഡന്റിറ്റി കാർഡ് വിതരണവും സമ്പൂർണ്ണ ക്ഷേമനിധി അംഗത്വവും എന്ന പരിപാടി ആവിഷ്കരിക്കാനുദ്ദേശിക്കുന്നു.<br>**3)** കുടുംബശ്രീ മിഷൻ വഴി നടപ്പിലാക്കുന്ന DDUGKY എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഗുണഭോക്താക്കൾ 60% ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരാകണമെന്ന് വ്യവസ്ഥയുണ്ട്. ഇതിനായി ന്യൂനപക്ഷക്ഷേമ വകുപ്പും കുടുബശ്രീയും ചേർന്ന് നടത്തുന്ന ജില്ലാതല മൊബിലൈസേഷൻ ക്യാമ്പയിൻ എല്ലാ ജില്ലകളിലും നടത്തുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടി പദ്ധതി എത്രയും വേഗം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിലുള്ള പദ്ധതികളെ കൂടാതെ താഴെ പറയുന്ന പുതിയ പദ്ധതികൾ കൂടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സ്കോളർഷിപ്പ് സ്കീമുകൾ സംസ്ഥാനതലത്തിലാണ് നടപ്പിലാക്കുന്നതിനാൽ ജില്ല തിരിച്ചുള്ള വിവരം ലഭ്യമല്ല.

1. **പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്-**

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി/ പ്ലസ് ടു/വി.എച്ച്.എസ്.ഇ തുടങ്ങിയവക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ്/ 90%-മാർക്ക് നേടിയവർക്കും ബിരുദത്തിന് 80%-മാർക്ക് നേടിയവർക്കും ബിരുദാനന്തര ബിരുദത്തിന് 75%-മാർക്ക് നേടിയവർക്കുമാണ് സ്കോളർഷിപ്പ് അവാർഡ് നൽകുന്നത്. എസ്.എസ്.എൽ.സി/ പ്ലസ് ടു/വി.എച്ച്.എസ്.ഇ വിഭാഗത്തിന് 10,000/ രൂപയും ബിരുദ/ ബിരുദാനന്തരബിരുദ തുടങ്ങിയ കോഴ്സുകളിൽ പഠിക്കുന്നവർക്ക് 15,000/ രൂപയുമാണ് സ്കോളർഷിപ്പ് അവാർഡ് തുക.

2. **എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്**

സർക്കാർ / എയ്ഡഡ് മേഖലയിലെ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6000/ രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. പ്രതിവർഷം 1000 വിദ്യാർത്ഥികൾക്ക് 6000/ രൂപ നിരക്കിൽ ഇതിന്റെ പ്രയോജനം ലഭിക്കും.

3. **മദർ തെരേസ സ്കോളർഷിപ്പ്**

പൊതു പ്രവേശന പരീക്ഷയെഴുതി കേരളത്തിലെ നേഴ്സിംഗ് കോളേജ്/ മെഡിക്കൽ കോളേജുകളിൽ നേഴ്സിംഗ് ഡിപ്ലോമ/ പാരാമെഡിക്കൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15,000/ രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്ക് നേടിയവരും കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം.

4. **ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി**

ശരിയായ ജനലുകളോ, വാതിലുകളോ ഇല്ലാത്തതും, ഉറപ്പുള്ള മേൽക്കൂരയില്ലാത്തതുമായ വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ 50,000/ രൂപയാണ് ധനസഹായം നൽകുന്നത്. ബി.പി.എൽ വിഭാഗത്തിനും, മാനസിക-ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്കും മുൻഗണന നൽകും.

ഈ സർക്കാർ ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി പ്രകാരം നൽകിയ വീടുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | 2016-17 | 2017-18 | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 90 | 115 | **205** |
| കൊല്ലം | 70 | 70 | **140** |
| പത്തനംതിട്ട | 35 | 60 | **95** |
| ആലപ്പുഴ | 90 | 150 | **240** |
| കോട്ടയം | 50 | 60 | **110** |
| ഇടുക്കി | 65 | 80 | **145** |
| എറണാകുളം | 50 | 70 | **120** |
| തൃശ്ശൂർ | 75 | 70 | **145** |
| പാലക്കാട് | 80 | 150 | **230** |
| മലപ്പുറം | 260 | 450 | **710** |
| കോഴിക്കോട് | 100 | 90 | **190** |
| വയനാട് | 105 | 153 | **258** |
| കണ്ണൂർ | 90 | 160 | **250** |
| കാസർഗോഡ് | 80 | 120 | **200** |
| **ആകെ** | **1240** | **1798** | **3038** |

| ഭവന പുനരുദ്ധാരണ പദ്ധതി | |
|---|---|
| **ജില്ല** | **വർഷം 2017-18** |
| തിരുവനന്തപുരം | 60 |
| കൊല്ലം | 60 |
| പത്തനംതിട്ട | 70 |
| ആലപ്പുഴ | 80 |
| കോട്ടയം | 55 |
| ഇടുക്കി | 55 |
| എറണാകുളം | 85 |
| തൃശ്ശൂർ | 45 |
| പാലക്കാട് | 60 |
| മലപ്പുറം | 200 |
| കോഴിക്കോട് | 55 |
| വയനാട് | 60 |
| കണ്ണൂർ | 70 |
| കാസർഗോഡ് | 45 |
| **ആകെ** | **1000** |

5. **<u>ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം യുവതീ-യുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസലിംഗ്</u>**

ന്യൂനപക്ഷ സമുദായത്തിലെ വിവാഹ മോചന നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിന്റെ ഭാഗമായി വിവാഹപൂർവ്വ കൗൺസലിംഗ് 2018-19 മുതൽ എല്ലാ ജില്ലകളിലും നടത്തി വരുന്നു.

| പ്രീമാരിറ്റൽ കൗൺസിലിംങ് | |
|---|---|
| **ജില്ല** | **ബാച്ചുകൾ** |
| തിരുവനന്തപുരം | 25 |
| കൊല്ലം | 13 |
| പത്തനംതിട്ട | 6 |
| ആലപ്പുഴ | 11 |
| കോട്ടയം | 26 |
| ഇടുക്കി | 8 |
| എറണാകുളം | 30 |
| തൃശ്ശൂർ | 21 |
| പാലക്കാട് | 21 |
| മലപ്പുറം | 113 |
| കോഴിക്കോട് | 51 |
| വയനാട് | 13 |
| കണ്ണൂർ | 41 |
| കാസർഗോഡ് | 16 |
| **ആകെ** | **395** |

**സെക്ഷൻ ഓഫീസർ**